# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ ലക്ഷ്യമിട്ടുള്ള ഇന്ത്യൻ സർവകക്ഷി സംഘത്തിന്റെ വിദേശ സന്ദർശനം പുരോഗമിക്കുന്നു, ലോക രാജ്യങ്ങളിൽ നിന്നും മികച്ച പ്രതികരണമെന്ന് കോൺഗ്രസ് എം പി ശശി തരൂർ.

   **Indian All-Party Team's foreign visit to support counter-terrorism operations is progressing, good response from world countries says Congress MP Shashi Tharoor.**

2. രാജ്യത്തിൻറെ തന്ത്രപ്രധാന മേഖലകളിൽ പുതുതലമുറ പ്രതിരോധ സാങ്കേതിക വിദ്യകളുടെ പരീക്ഷണം നടത്തി കരസേന.

   **Indian Army conducts field trials of next-gen indigenous defence technologies under simulated combat conditions across the country.**

3. പാക് ചാരവൃത്തി കേസുമായി ബന്ധപ്പെട്ട് എട്ട് സംസ്ഥാനങ്ങളിൽ തിരച്ചിൽ നടത്തി ദേശീയ അന്വേഷണ ഏജൻസി.

   **NIA conducts search operations at 15 locations in eight states in connection with Pakistan-linked espionage case.**

4. മധ്യവേനലവധിക്ക് ശേഷം കേരളത്തിലെ സ്കൂളുകൾ നാളെ തുറക്കും.

   **Schools in Kerala will reopen tomorrow after mid-summer vacation.**

5. ആഗോളതലത്തിൽ പാലിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി ഇന്ന് ലോക ക്ഷീര ദിനം.

**Today is World Milk Day, highlighting the importance of milk globally**

6. ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

**In IPL cricket, five-time champions Mumbai Indians to take on Punjab Kings in 2nd Qualifier in Ahmedabad this evening.**

**&&&&&&&&&&&&&&&**

## HEADLINE 1

## ALL PARTY DELEGATION

ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ നിലപാടിന് അനുസൃതമായി, പാർലമെന്റ് അംഗങ്ങൾ അടങ്ങുന്ന ഏഴ് സർവകക്ഷി സംഘം ആശയവിനിമയ പരിപാടികളുമായി വിവിധ രാജ്യങ്ങളിൽ സന്ദർശനം തുടരുന്നു. ബിജെപി എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം ലണ്ടനിലെത്തി. എൻസിപി എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സംഘം അഡിസ് അബാബയിൽ ആഫ്രിക്കൻ യൂണിയന്റെ സമാധാന സുരക്ഷാ കൗൺസിലുമായി ചർച്ച നടത്തി. ശിവസേന എംപി ഡോ. ശ്രീകാന്ത് ഏകനാഥ് ഷിൻഡെ നേതൃത്വം നൽകുന്ന സംഘം സിയറ ലിയോൺ സന്ദർശനം പൂർത്തിയാക്കി ലൈബീരിയയിലാണ്. ഡിഎംകെ എംപി കനിമൊഴിയുടെ നേതൃത്വത്തിലുള്ള സംഘം മാഡ്രിഡിലെത്തി. ബിജെപി എംപി ബൈജയന്ത് ജയ് പാണ്ഡയുടെ നയിക്കുന്ന സംഘം അൾജീരിയയിലും ജെഡി(യു) എംപി സഞ്ജയ് കുമാർ ഝായുടെ സംഘം ക്വാലാലംപൂരിലും സന്ദർശനം തുടരുന്നു.

**&&&&&&&&&&&&&&&**

## HEADLINE 1 A

## SASI TAROOR- INTRO

കോൺഗ്രസ് എംപി ശശി തരൂരിൻറെ നേതൃത്തിലുള്ള സംഘം ബ്രസീലിലെത്തി. ലോകരാജ്യങ്ങളിലേക്കുള്ള സർവകക്ഷി സംഘത്തിന്റെ സന്ദർശനത്തിനു മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(തരൂർ-വോയിസ്)

&&&&&&&&&&&&&&&

# HEADLINE 2

## INDIAN ARMY -TRIALS

രാജ്യത്തിൻറെ വിവിധ തന്ത്രപ്രധാന മേഖലകളിൽ പുതുതലമുറ പ്രതിരോധ സാങ്കേതിക വിദ്യകളുടെ പരീക്ഷണം കരസേന നടത്തിവരുന്നതായി കേന്ദ്രസർക്കാർ. പൊഖ്റാൻ, ജോഷിമഢ് ഉൾപ്പെടെയുള്ള മേഖലകളിലാണ് പരീക്ഷണങ്ങൾ നടക്കുന്നത്. അത്യാധുനിക സാങ്കേതിക വിദ്യകളുടെ പ്രകടനക്ഷമത പൂർണമായും വിലയിരുത്തുന്ന വിധത്തിൽ പോരാട്ട സമാന സാഹചര്യങ്ങളിലാണ് പരീക്ഷണങ്ങൾ നടക്കുന്നതെന്നും പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ആഗ്ര, ഗോപാൽ പൂർ എന്നിവിടങ്ങളിൽ വ്യോമ പ്രതിരോധ സംവിധാനങ്ങളുടെ അവലോകനങ്ങളും നടക്കും.

&&&&&&&&&&&&&&&

## DEFENCE MINISTRY SECRETARY

സായുധ സേനകളുടെ ആധുനികീകരണം ലക്ഷ്യമിട്ട് ആയുധ വാങ്ങലുമായി ബന്ധപ്പെട്ട കാലതാമസം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി പ്രതിരോധ മന്ത്രാലയം. ആയുധ വാങ്ങലുമായി ബന്ധപ്പെട്ട 2020 ലെ ചട്ടങ്ങൾ ഇതിനായി പരിഷ്കരിച്ചു വരികെയാണെന്നും ഏകദേശം 69 ആഴ്ചകളുടെ കുറവ് ഇതിലൂടെ ഉണ്ടാകുമെന്നും മന്ത്രാലയ സെക്രട്ടറി രാജേഷ് കുമാർ സിംഗ് അറിയിച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ടു നടന്ന സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

## INDIA MONGOLIA EXERCISE

ഇന്ത്യ-മംഗോളിയ സംയുക്ത സൈനികാഭ്യാസമായ നോമാഡിക് എലിഫന്റിന്റെ 17-ാമത് പതിപ്പ് മംഗോളിയയിലെ ഉലാൻബട്ടറിൽ ആരംഭിച്ചു. ഈ മാസം 13 വരെ നടക്കുന്ന അഭ്യാസത്തിൽ, ഇന്ത്യയും മംഗോളിയയും തമ്മിൽ വർദ്ധിച്ചുവരുന്ന പ്രതിരോധ സഹകരണത്തെ പ്രതിഫലിപ്പിക്കുന്ന വിപുലമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തും.

&&&&&&&&&&&&&&&

## HEADLINE 3

## NIA-SEARCH OPERATIONS

പാക് ബന്ധമുള്ള ചാരവൃത്തി കേസുമായി ബന്ധപ്പെട്ട് എട്ട് സംസ്ഥാനങ്ങളിലായി 15 സ്ഥലങ്ങളിൽ ദേശീയ അന്വേഷണ ഏജൻസി തിരച്ചിൽ നടത്തി. ഡൽഹി, മുംബൈ, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, അസം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ പാകിസ്ഥാൻ ഇന്റലിജൻസ് ഓപ്പറേറ്റീവ്സുമായി ബന്ധമുള്ള പ്രതികളുടെ സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയതായി എൻഐഎ പ്രസ്താവനയിൽ പറഞ്ഞു. നിരവധി ഇലക്ട്രോണിക് ഉപകരണങ്ങളും സാമ്പത്തിക രേഖകളും പിടിച്ചെടുത്തു. ഇന്ത്യയിൽ ചാരവൃത്തി നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും 2023 മുതൽ രഹസ്യ വിവരങ്ങൾ പങ്കുവെക്കുകയും ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&

## NAGALAND - NCP - NDPP

നാഗാലാൻഡിൽ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ ഏഴ് നിയമസഭാംഗങ്ങളും ഭരണകക്ഷിയായ നാഷണലിസ്റ്റ് ഡെമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടിയിൽ ചേർന്നു, ഇതോടെ 60 അംഗ സംസ്ഥാന നിയമസഭയിൽ NDPP യുടെ അംഗങ്ങൾ 32 ആയി. NCP എംഎൽഎമാർ സമർപ്പിച്ച ലയന അപേക്ഷ നിയമസഭാ സ്പീക്കർ ഔദ്യോഗികമായി അംഗീകരിച്ചതായി പാർലമെൻററി കാര്യ മന്ത്രിയും

മുതിർന്ന NDPP നേതാവുമായ കെ ജി കെന്യേ മാധ്യമങ്ങളെ അറിയിച്ചു.

**&&&&&&&&&&&&&&**

## HEADLINE 4

## CM- SCHOOL OPENING

മധ്യവേനലവധിക്ക് ശേഷം കേരളത്തിലെ സ്കൂളുകൾ നാളെ തുറക്കും. ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലാണ് സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം നടക്കുന്നത്. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&**

## NILAMBUR BYPOLL

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ പ്രചാരണം പുരോഗമിക്കുന്നു. എൽഡിഎഫ് പ്രചാരണത്തിന് തുടക്കമിട്ടു കൊണ്ടുള്ള മണ്ഡലം കൺവൻഷൻ ഇന്ന് ഉച്ചയ്ക്ക് ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. സംസ്ഥാന നേതാക്കൾ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. എൽ ഡി എഫ് സ്ഥാനാർത്ഥി എം സ്വരാജ് നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് ഇന്നലെ നാമനിർദ്ദേശപത്രിക സമർപ്പിച്ചിരുന്നു. ബി ജെ പി സ്ഥാനാർത്ഥിയായി മോഹൻ ജോർജിനെ പ്രഖ്യാപിച്ചു.

**&&&&&&&&&&&&&&**

## RAIN KERALA

കേരളത്തിൽ അടുത്ത നാല് ദിവസം വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്കും തെക്കൻ ജില്ലകളിൽ വ്യാപകമഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## HEADLINE 5

## WORLD MILK DAY INTRO

ഇന്ന് ലോക ക്ഷീരദിനം. ആഗോളതലത്തിൽ പാലിന്റെ പ്രാധാന്യവും ദശലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗവും എടുത്തുകാണിക്കുന്നതിനായാണ് ദിനാചരണം ലക്ഷ്യമിടുന്നത്.

ഒരു റിപ്പോർട്ട്...................

(ഹോൾഡ്-വോയ്സ്)

## WORLD MILK DAY- VOICE

പ്രതിവർഷം 239 ദശലക്ഷം ടൺ പാൽ ഉൽപ്പാദനം നടക്കുന്ന ഇന്ത്യ, ഇപ്പോൾ ആഗോള പാലുൽപ്പാദനത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നു. ഇന്ത്യയിലെ പാൽ ഉൽപ്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം ഗുജറാത്താണ്. രാജ്യത്തിന്റെ മൊത്തം ഉൽപാദനത്തിന്റെ 7.5 ശതമാനം സംഭാവന ചെയ്യുന്ന ഗുജറാത്ത്, പ്രതിവർഷം 18 ദശലക്ഷം ടണ്ണിലധികം പാൽ ഉത്പാദിപ്പിക്കുന്നു. ദേശീയ പാൽ ഉൽപാദനം പ്രതിവർഷം 5.7% വളർച്ച കൈവരിച്ചിട്ടുണ്ട്. നൂതന പ്രജനന സാങ്കേതികവിദ്യകൾ കന്നുകാലികളുടെ ഇനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാൽ വിളവ് വർദ്ധിപ്പിക്കുന്നതിനും കർഷകരെ ശാക്തീകരിക്കുന്നു. അമുൽ പോലുള്ള സഹകരണ ഭീമന്മാരുടെ പിന്തുണയും കന്നുകാലി കർഷകരുടെ പ്രതിബദ്ധതയും ഗുജറാത്തിലെ ക്ഷീരമേഖലയ്ക്ക് കരുത്തേകുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി

**&&&&&&&&&&&&&&&&**

## J-K - AWARENESS CAMPS

കൃഷി, കർഷക ക്ഷേമ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ വികസിത് കൃഷി സങ്കൽപ്പ് അഭിയാനിന്റെ ഭാഗമായി, ജമ്മു കശ്മീരിലെ റംബാൻ ജില്ലയിൽ ഇന്നലെ കർഷക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കേരളത്തിൽ പത്തനംതിട്ട ജില്ലയിൽ ക്യാംപയിൻ പുരോഗമിക്കുന്നു. കാർഷിക ഉപകരണങ്ങൾ, സാങ്കേതിക വിദ്യകൾ, ക്ഷേമ പദ്ധതികൾ എന്നിവയിലൂടെ കാർഷിക മേഖലയുടെ ആധുനികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് ഈ കാമ്പെയ്ൻ അടയാളപ്പെടുത്തുന്നത്.

&&&&&&&&&&&&&&

## MANDAVIYA - FIT INDIA

ഫിറ്റ് ഇന്ത്യ-സൺഡേയ്സ് ഓൺ സൈക്കിൾ സംരംഭത്തിന്റെ 25-ാമത് പതിപ്പ് ഇന്ന് രാജ്യമെമ്പാടും പ്രത്യേക തിരംഗാ റാലിയായി ആഘോഷിച്ചു. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഡൽഹിയിൽ പരിപാടിക്ക് നേതൃത്വം നൽകി. രാജ്യത്തെ രണ്ടായിരത്തിലധികം സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കായിക-വിനോദ മേഖലയിലെ പ്രമുഖർ ഉൾപ്പെടെ പങ്കെടുത്തു

&&&&&&&&&&&&&&

## HEADLINE 6

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം. ഈ മത്സരത്തിലെ വിജയികൾ ചൊവ്വാഴ്ച നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

&&&&&&&&&&&&&&

## UCL FOOTBALL FINAL

യുവേഫ ചാമ്പ്യൻസ് ലീഗ് കിരീടം ഫ്രഞ്ച് ക്ലബ്, പാരീസ് സെയിന്റ് ജെർമെയിന്. കലാശപ്പോരാട്ടത്തിൽ ഇറ്റാലിയൻ ക്ലബ് ഇന്റർ

മിലാനെ എതിരില്ലാത്ത അഞ്ചു ഗോളുകൾക്കാണ് PSG തോൽപ്പിച്ചത്. ജർമ്മനിയിലെ മ്യൂണിക്കിൽ ഇന്നലെ രാത്രിയായിരുന്നു മത്സരം. ക്ലബ്ബിന്റെ ആദ്യ ചാമ്പ്യൻസ് ലീഗ് കിരീടം ആണിത്.

&&&&&&&&&&&&&&&

## FRENCH OPEN TENNIS

ടെന്നീസിൽ, നൊവാക് ജോക്കോവിച്ചും, ലോക ഒന്നാം നമ്പർ താരം യാനിക് സിന്നറും ഫ്രഞ്ച് ഓപ്പണിന്റെ നാലാം റൗണ്ടിൽ പ്രവേശിച്ചു. 25-ാം ഗ്രാൻഡ് സ്ലാം കിരീടം എന്ന റെക്കോർഡ് ലക്ഷ്യമിട്ട ജോക്കോവിച്ച്, ഓസ്ട്രിയൻ താരത്തെ 6-3, 6-4, 6-2 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്. വനിതാ വിഭാഗത്തിൽ മാഡിസൺ കീസ്, സോഫിയ കെനിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&

## AMITSHAH-KOLKATTA

കൊൽക്കത്തയിലെ ന്യൂ ടൗണിൽ കേന്ദ്ര ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ പുതിയ കെട്ടിടം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യു. കിഴക്കൻ, വടക്കുകിഴക്കൻ മേഖലയിലെ സങ്കീർണ്ണമായ കേസുകളിൽ, സമഗ്രമായ സമീപനത്തെ പിന്തുണയ്ക്കാൻ പുതിയ സിഎഫ്എസ്എൽ ലബോറട്ടറി സഹായിക്കുമെന്ന് ശ്രീ ഷാ പറഞ്ഞു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ആഭ്യന്തര മന്ത്രി ഇന്നലെയാണ് കൊൽക്കത്തയിലെത്തിയത്.

&&&&&&&&&&&&&&&

## LPG

രാജ്യത്ത് വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വിലയിൽ 24 രൂപ കുറച്ചു എണ്ണകമ്പനികൾ. 19 കിലോഗ്രാം സിലിണ്ടറുകളുടെ വിലയാണ് കുറച്ചത്. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ നിരക്കുകളിൽ മാത്രമല്ല.

&&&&&&&&&&&&&&&

## SIKKIM FLOOD

സിക്കിമിൽ, മണ്ണിടിച്ചിൽ മൂലം പല സ്ഥലങ്ങളിലും റോഡ് ഗതാഗതം തടസ്സപ്പെട്ടു. മംഗൻ ജില്ലയിലെ ലാച്ചെനിലും ലാച്ചുങ്ങിലും ഏകദേശം 1500 വിനോദസഞ്ചാരികൾ കുടുങ്ങിക്കിടക്കുന്നതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ രക്ഷാ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

**&&&&&&&&&&&&&&**

## BANGLADESH-ICT

ബംഗ്ലാദേശിൽ നടന്ന ജനകീയ പ്രക്ഷോഭത്തിനിടെ മനുഷ്യത്വ രഹിതമായ കുറ്റകൃത്യങ്ങൾ ആരോപിച്ച് പുറത്താക്കപ്പെട്ട പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കെതിരെ പ്രോസിക്യൂഷൻ ഇന്ന് അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണലിൽ കുറ്റപത്രം സമർപ്പിക്കും. ധാക്കയിലെ നാഷണൽ പ്രസ് ക്ലബ്ബിൽ, 'നിർബന്ധിത തിരോധാനത്തിൽ ഉൾപ്പെട്ട വ്യക്തികളുടെ അടിയന്തര വിചാരണ' എന്ന വിഷയത്തിൽ നടന്ന ചർച്ചയിലാണ് ഐസിടി ചീഫ് പ്രോസിക്യൂട്ടർ എംഡി താജുൽ ഇസ്ലാം ഈ വിവരങ്ങൾ വെളിപ്പെടുത്തിയത്. ഐ സി ടിയിൽ തനിക്കെതിരെ ഫയൽ ചെയ്ത മറ്റ് രണ്ട് കേസുകൾ ഷെയ്ഖ് ഹസീന ഇതിനകം നേരിടുന്നുണ്ട്.

**&&&&&&&&&&&&&&**

**&&&&&&&&&**

**&&&&**